പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1677 — 03/05/2017-ൽ മറുപടിക്ക്

## തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ എന്ന തസ്തികയിൽ നിയമനം നടത്തുന്നതിലേക്കായി നിലവിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഓപ്പൺ വിജ്ഞാപന പ്രകാരം ഒഴിവുള്ള 2 തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം: (ബി)**

തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ തസ്തികയിൽ വന്ന 4 ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി ആർ.സി.സി ചട്ടപ്രകാരം 50% ഒഴിവുകൾ ഇന്റേണൽ റിക്രൂട്ട്മെന്റ് (ആർ.സി.സി.യിൽ ,സ്ഥിരമായോ,താത്ക്കാലികമായോ, പ്രോജക്ടിലോ ജോലി നോക്കുന്നവർ) വഴിയും ,50% ഒഴിവുകൾ ഓപ്പൺ റിക്രൂട്ട്മെന്റ് വഴിയും നിയമിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചു.ഇന്റേണൽ വിജ്ഞാപന പ്രകാരം 3 അപേക്ഷകളും ഓപ്പൺ വിജ്ഞാപന പ്രകാരം 58 അപേക്ഷകളും ലഭിച്ചു.ഇന്റേണൽ വിജ്ഞാപന പ്രകാരം 3 അപേക്ഷകൾ മാത്രം ലഭിച്ചതിനാൽ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ 3 അപേക്ഷകരേയും ഉൾക്കൊള്ളിച്ചുകൊണ്ട് 19/09/2015 ൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി.എന്നാൽ ഓപ്പൺ വിജ്ഞാപന പ്രകാരം 58 അപേക്ഷകൾ ലഭിച്ചതിനാൽ ഇവർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം വഴി എഴുത്തുപരീക്ഷ നടത്തി.എഴുത്തുപരീക്ഷയ്ക്ക് 49 പേരാണ് ഹാജരായത്.എഴുത്തുപരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 17 പേരെ ഉൾക്കൊള്ളിച്ചുകൊണ്ട് (14 പേരുടെ ജനറൽ ലിസ്റ്റ്, 3 പേരുടെ സപ്ലിമെന്ററി ലിസ്റ്റ്) 11/06/2016 -ൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

19/09/2015-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുണ്ടായിരുന്ന 2(ഇന്റേണൽ ) തസ്തികകൾ നികത്തി.ഇതിനുശേഷം വന്ന ഒരു റിട്ടയർമെന്റ് വേക്കൻസിയിൽ ഇന്റേണൽ റാങ്ക് ലിസ്റ്റിലെ മൂന്നാമത്തെ റാങ്ക്കാരിക്ക് കോടതി ഉത്തരവ് പ്രകാരം താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്.11/06/2016-ൽ പ്രസിദ്ധീകരിച്ച ഓപ്പൺ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

SO